# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2446 | 07.10.2016-ൽ മറുപടിയ്ക്ക് |
|---|---|

**ഡി.ബി.റ്റി. സെൽ മുഖേന ക്ഷേമ പെൻഷൻ വിതരണം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ടി.എ.അഹമ്മദ് കബീർ | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | ഡി.ബി.റ്റി സെൽ മുഖേന പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികൾ പരിശോധിച്ച് വിതരണം ചെയ്തിരുന്ന ക്ഷേമ പെൻഷനുകൾ ഗ്രാമപഞ്ചായത്തുകളെ ഒഴിവാക്കി സഹകരണ ബാങ്കുകളെ ഏൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഓണത്തോടനുബന്ധിച്ചുള്ള പെൻഷൻ വിതരണത്തിൽ വീട്ടുകളിൽ പെൻഷൻ ലഭിക്കണമെന്ന് ആവശ്യപ്പെട്ടവർക്കും പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വിതരണ മാർഗ്ഗമായി സ്വീകരിച്ച് പെൻഷൻ മുടങ്ങിയിരുന്നവർക്കും പ്രാഥമിക സഹകരണ ബാങ്കുകൾ മുഖേന പെൻഷൻ വീട്ടുകളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷേമപെൻഷൻ അപേക്ഷകൾ പരിശോധിച്ച് പഞ്ചായത്തിന്റെ അംഗീകാരത്തിനായി ശുപാർശ ചെയ്യുന്നതിനുള്ള ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും, അപേക്ഷകളിൽ തീരുമാന മെടുക്കുന്നതിനുള്ള പഞ്ചായത്തുകളുടെയും അധികാരത്തിൽ മാറ്റം വരുത്തിയിട്ടില്ല. |
| (ബി) | ഏത് വിധത്തിൽ ആരു മുഖേനയാണ് പെൻഷൻ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്; ആയതിന് പ്രതിഫലം ഉണ്ടോ; എങ്കിൽ എത്ര; ഏത് ഫണ്ടിൽ നിന്നും ഈ തുക ലഭ്യമാക്കും; | (ബി) | പ്രാഥമിക സഹകരണ സംഘങ്ങളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും സേവനം ഉപയോഗപ്പെടുത്തിയാണ് പെൻഷൻ വീട്ടുകളിൽ എത്തിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഇതിലേയ്ക്കായി പെൻഷൻ വിതരണം നടത്തുന്ന ജീവനക്കാരന് ഒരു ഗുണഭോക്താവിന് പെൻഷൻ നൽകാൻ 40/- രൂപ ക്രമത്തിലും സഹകരണ ബാങ്കിന് 10/- രൂപ ക്രമത്തിലും അനുവദിക്കുന്നുണ്ട്. പ്രസ്തുത തുക പെൻഷൻ നൽകുന്നതിന് വകയിരുത്തിയിട്ടുള്ള ഫണ്ടിൽ നിന്ന് ലഭ്യമാക്കുന്നതാണ്. |
| (സി) | ഇതിനായി ഏതെങ്കിലും തരത്തിൽ സർവ്വേ നടത്തിയിട്ടുണ്ടോ; ഏത് ഏജൻസി മുഖാന്തരമാണ് സർവ്വേ നടത്തിയിട്ടുള്ളത്; സർവ്വേയിൽ എത്ര ശതമാനം ആളുകൾ പങ്കെടുത്തു; അഭിപ്രായം പറയാതെ പോയ പെൻഷൻകാർക്ക് ഏത് വിധത്തിൽ പെൻഷൻ നൽകും? | (സി) | പെൻഷൻ ഡാറ്റാബേസിലെ തെറ്റുകൾ കണ്ടെത്തുന്നതിനും ഗുണഭോക്താക്കൾക്ക് പെൻഷൻ വീട്ടുകളിൽ ലഭിക്കുന്നതിനുള്ള ഓപ്ഷൻ സ്വീകരിക്കുന്നതിനുമായി സർവ്വേ നടത്തിയിരുന്നു. കുടുംബശ്രീ മിഷൻ മുഖേനയാണ് സർവ്വേ നടത്തിയത്. സർവ്വേയിൽ ഇതു വരെ 3485386 പേർ ഉൾപ്പെട്ടിട്ടുണ്ട്. സർവ്വേയിൽ ഉൾപ്പെടാതെ പോയവർക്ക് അവർ നിലവിൽ സ്വീകരിച്ചിട്ടുള്ള വിതരണ മാർഗ്ഗത്തിലൂടെ 2016 ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള പെൻഷൻ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ